ഉത്തരം

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ ഫുട്ബാളിൽ ആൺകുട്ടികൾക്കായി ഒരു സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ട്രെയിനിംഗ് സെന്ററിന്റെ ഗ്രൗണ്ട് കായികതാരങ്ങളുടെ ഫുട്ബോൾ പരിശീലനത്തിനായും ഉപയോഗിച്ചുവരുന്നു.

(ബി) ഉണ്ട്. നടപ്പുവർഷം മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ 10 കുട്ടികൾക്ക് പ്രവേശനം നൽകുകയുണ്ടായെങ്കിലും 3 പേർ മാത്രമാണ് അഡ്മിഷൻ എടുത്തത്.

(സി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുന്നതിനും Water Treatment Plant സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ സൈൽ പദ്ധതി

312 (2141) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സൈൽ' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ചാലക്കുടി പി.എം.ജി. കോളജ്, ചാലക്കുടി ഹൗസിംഗ് ബോർഡ് റസിഡൻസ് അസോസിയേഷൻ തുടങ്ങിയ സ്ഥാപനങ്ങളും സംഘടനകളും സമർപ്പിച്ച അപേക്ഷ പ്രകാരം സിന്തറ്റിക് കോർട്ടും കായിക സൗകര്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സൈൽ പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽനിന്നും ഈ വകുപ്പിൽ ലഭ്യമായ അപേക്ഷ ബഹു. കായിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടി ഹൗസിംഗ് ബോർഡ് റെസിഡൻസ് അസോസിയേഷന്റെ അപേക്ഷ ലഭിച്ചിട്ടില്ല. ചാലക്കുടി പി.എം.ജി. കോളേജിലടക്കം സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽനിന്ന് ലഭിച്ച മറ്റ് അപേക്ഷകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly